# കേരള സർക്കാർ

## <u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് – കണ്ണൂർ ജില്ല - മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് - കുറുമ്പക്കൽ ഗ്രാമം - കുളം നവീകരണം - തനത് ഫണ്ടിൽ തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ)/1780/2017/ത.സ്വ.ഭ.വ** തിരുവനന്തപുരം,തീയതി, 30/05/2017

---

പരാമർശം:- മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്.

**<u>ഉത്തരവ്</u>**

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക കാർഷിക വികസനവും ജലസംരക്ഷണവും ലക്ഷ്യമിട്ട് 14 കുളങ്ങൾ പുനരുദ്ധരിക്കുന്നതിന് കുറുമ്പക്കൽ ഗ്രാമം - കുളം നവീകരണം പദ്ധതി എന്ന പേരിൽ നബാർഡ് സഹായത്തോടെ സോയിൽ കൺസർവേഷൻ വകുപ്പ് നിർവ്വഹണ ഏജൻസിയായി കുളം പുനരുദ്ധാരണങ്ങൾ നടന്നു വരികയാണെന്നും ഇതിൽ ഗുണഭോക്തൃ വിഹിതം 7,48,900 (ഏഴ് ലക്ഷത്തി നാൽപത്തി എണ്ണായിരത്തി തൊള്ളായിരം രൂപ) കുളങ്ങളുടെ വശങ്ങളിൽ താമസിക്കുന്നവർ യഥാർത്ഥ കർഷകരല്ലാത്തതിനാൽ പിരിച്ചെടുക്കുവാൻ സാധിക്കാത്തതിനാൽ ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ നൽകുന്നതിനു അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക കാർഷിക വികസനവും ജലസംരക്ഷണവും ലക്ഷ്യമിട്ട് 14 കുളങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള ഗുണഭോക്തൃ വിഹിതമായ 7,48,900 രൂപ (ഏഴ് ലക്ഷത്തി നാൽപത്തി എണ്ണായിരത്തി തൊള്ളായിരം രൂപ) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അടയ്ക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സിനി .ജെ .ഷുക്കൂർ**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
പ്രസിഡന്റ്, മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ